STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.252/PR/SPMC/PHQ/2022 Date:05.12.2022

വിദേശ വനിതയുടെ കൊലപാതകം: അന്വേഷണസംഘത്തിനും സ്പെഷ്യൽ പ്രോസിക്യൂട്ടർക്കും സംസ്ഥാന പോലീസ് മേധാവിയുടെ ആദരം

ലാത്വിയൻ പൗരയായ വിദേശ വനിത കൊല്ലപ്പെട്ട കേസ് അന്വേഷിച്ച പ്രത്യേക അന്വേഷണ സംഘത്തിലെ പോലീസ് ഉദ്യോഗസ്ഥരെ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് ആദരിച്ചു. മൃതദേഹം പോസ്റ്റുമാർട്ടം ചെയ്ത തിരുവനന്തപുരം മെഡിക്കൽ കോളേജ് ഫോറൻസിക് മെഡിസിൻ വിഭാഗം പ്രൊഫസറും പോലീസ് സർജനുമായിരുന്ന ഡോ.കെ.ശശികല, കേസിന്റെ വിചാരണ വിജയകരമായി നടത്തിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ജി.മോഹൻ രാജ് എന്നിവരെയും ആദരിച്ചു. പോലീസ് ആസ്ഥാനത്തു നടന്ന ചടങ്ങിൽ കൊല്ലപ്പെട്ട വിദേശവനിതയുടെ സഹോദരി ലാത്വിയയിൽ നിന്ന് വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

പ്രത്യേക സംഘത്തിന്റെയും മുഖ്യഅന്വേഷണ ഉദ്യോഗസ്ഥനായ ജെ.കെ ദിനിലിന്റെയും പഴുതടച്ച അന്വേഷണം കേസ് തെളിയിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചതായി സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് പറഞ്ഞു. കേസ് വിദഗ്ധമായി അന്വേഷിച്ച് തെളിയിച്ച കേരള പോലീസിനും കേസ് വാദിച്ച സ്പെഷ്യൽ പബ്ലിക് പ്രൊസിക്യൂട്ടർക്കും വിശദമായി പോസ്റ്റുമാർട്ടം നടത്തിയ പോലീസ് സർജനും കൊല്ലപ്പെട്ട വിദേശവനിതയുടെ സഹോദരി നന്ദി അറിയിച്ചു.

മുൻ ദക്ഷിണമേഖലാ ഐ ജിയും നിലവിൽ വിജിലൻസ് ഡയറക്റ്ററുമായ എ ഡി ജി പി മനോജ് എബ്രഹാം, മുൻ സിറ്റി പോലീസ് കമ്മീഷണറും നിലവിൽ ദക്ഷിണമേഖലാ ഐ ജിയുമായ പി. പ്രകാശ് എന്നിവരുടെ നേതൃത്വത്തിൽ ഉള്ള പ്രത്യേക അന്വേഷണസംഘമാണ് കേസ് അന്വേഷിച്ചത്. ഇവരും തിരുവനന്തപുരം സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ വി. അജിത്ത്, മുൻ ഫോർട്ട് അസിസ്റ്റന്റ് കമ്മീഷണറും നിലവിൽ തിരുവനന്തപുരം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുമായ ജെ.കെ. ദിനിൽ എന്നിവരും ആദരവ് ഏറ്റുവാങ്ങി. ഡിവൈ എസ് പിമാരായ എൻ.വി അരുൺ രാജ്, സ്റ്റുവർട്ട്

കീലർ, എം.അനിൽ കുമാർ, ഇൻസ്പെക്റ്റർമാരായ സുരേഷ്.വി.നായർ, വി.ജയചന്ദ്രൻ, എം.ഷിബു, ആർ.ശിവകുമാർ എന്നിവരും എസ്.ഐമാർ, എ.എസ്.ഐമാർ, സീനിയർ സിവിൽ പോലീസ് ഓഫീസർമാർ, സിവിൽ പോലീസ് ഓഫീസർമാർ എന്നിവരും സംസ്ഥാന പോലീസ് മേധാവിയിൽ നിന്ന് പ്രശംസാപത്രം സ്വീകരിച്ചു.

ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സയന്റിഫിക് ഓഫീസർമാരായ ഡോ.സുനു കുമാർ, എ.ഷഫീക്ക, ബി.എസ് ജിജി, കെ.പി രമ്യ, സിന്ധുമോൾ, ജിഷ, ഡോ.കെ.ആർ നിഷ, ജെ.എസ് സുജ എന്നിവരും പ്രശംസാപത്രം ഏറ്റുവാങ്ങി.

ആയുർവേദ ചികിത്സയ്ക്കായി 2018ൽ കേരളത്തിലെത്തിയ വിദേശ വനിത കോവളത്തിനു സമീപം ആളൊഴിഞ്ഞ ചതുപ്പുനിലത്ത് കൊല്ലപ്പെട്ട നിലയിൽ കാണപ്പെടുകയായിരുന്നു. തുടർന്നുള്ള പോലീസ് അന്വേഷണത്തിലാണ് ഉമേഷ്, ഉദയകുമാർ എന്നിവർ കൊലപാതകം നടത്തിയെന്നു കണ്ടെത്തിയത്.

വിചാരണസമയം മുഴുവൻ ഇന്ത്യയിൽ ഉണ്ടായിരുന്ന വിദേശവനിതയുടെ സഹോദരി വാദം ആരംഭിക്കുന്നതിനുമുൻപ് നാട്ടിലേക്കു തിരികെ പോയിരുന്നു. തുടർന്ന് ലാത്വിയൻ എംബസിയുടേയും സഹോദരിയുടേയും അപേക്ഷയുടെ അടിസ്ഥാനത്തിൽ കോടതി നടപടികൾ വിദേശത്തുനിന്നു വീഡിയോ കോൺഫറൻസിങ് വഴി വീക്ഷിക്കാൻ അനുവാദം നൽകുകയുണ്ടായി.

ഫോട്ടോ ക്യാപ്ഷൻ

1. വിദേശവനിത കൊല്ലപ്പെട്ട കേസ് അന്വേഷിച്ച എ.ഡി.ജി.പി മനോജ് എബ്രഹാമിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘത്തിന് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് പുരസ്കാരം സമ്മാനിക്കുന്നു. അസിസ്റ്റന്റ് കമ്മീഷണർ ജെ.കെ ദിനിൽ, ഐ.ജി പി.പ്രകാശ്, ഡെപ്യൂട്ടി കമ്മീഷണർ വി.അജിത്ത്, എ.ഡി.ജി.പിമാരായ കെ.പത്മകുമാർ, ഡോ.ഷേക്ക് ദർവേഷ് സാഹിബ് എന്നിവരെയും കാണാം.

2. പ്രത്യേക അന്വേഷണസംഘത്തിലെ മുഖ്യഅന്വേഷണ ഉദ്യോഗസ്ഥൻ ജെ.കെ ദിനിലിന് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് പ്രശംസാപത്രം സമ്മാനിക്കുന്നു.

(വീഡിയോ ദൃശ്യം ഇതോടൊപ്പം)